100

1924-2024

ഉള്ളിയേരി
ജി.എൽ.പി സ്കൂൾ

.അറിവിൻ അക്ഷരജ്വാലകൾ
അമൃതായ് പെയ്യുന്നിടം.





# GLPS ULLIYERI

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ ഏറെ മെച്ചപ്പെട്ടു വരികയാണല്ലോ. അതോടൊപ്പം അക്കാദമിക രംഗത്തും മികച്ച പ്രവർത്തനങ്ങൾ നാം കൈവരിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് ഓരോ വിദ്യാലയ വും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടിയുടെ വൈവിധ്യമാർന്ന കഴിവുകളെ കണ്ടെത്തി അവ പൂർണ്ണത യിലേക്ക് എത്തിക്കുക എന്നതാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാ ക്കുന്നതിന്റെ പ്രധാന ലക്ഷ്യം.

ഉള്ളിയേരി ഗവ: എൽ പി സ്കൂളിൽ അടുത്ത 5 വർഷകാലയള വിനുള്ളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ അക്കാദമിക് പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപരേഖയാണ് ഇവിടെ അവതരിപ്പിക്കുന്നത്.

# വിദ്യാലയം മികവിന്റെ കേന്ദ്രം
# -കാഴ്ചപ്പാട്

മോചനമരുളുന്നതെന്തോ, അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെയും സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക

പാഠ-പാഠാനുബന്ധ പ്രവർത്തനത്തങ്ങളിൽ സജീവമായ താല്പര്യത്തോടെ പങ്കെടുക്കുന്ന ഒരു വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കാൻ ലോകത്ത് എവിടെയുമുള്ള സമാനപ്രായത്തിലുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലേയും കുട്ടികൾ നേടുന്നുണ്ട് എന്ന ഉറപ്പാക്കൽ.

## വിഷയം

## മലയാളം

പ്രശ്നം : വായനയിലുള്ള താല്പര്യക്കുറവ്- ലൈബ്രറി പുസ്തകങ്ങൾ വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല

ലക്ഷ്യം : വായനാപരിപോഷണം

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ജൂൺമാസത്തിലെ രണ്ടാമത്തെ ആഴ്ചയിൽ ലൈബ്രറി പുസ്തകം വിതരണം ചെയ്യുന്നു. | അതാത് ക്ലാസ് ടീച്ചർ | 6 മാസം | | |
| ഓരോ ക്ലാസ്സിലും ഒരു ലൈബ്രേറിയനെ നിയമിക്കുന്നു | | | | |
| ക്ലാസ് ലൈബ്രറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നു | | | | |
| ക്ലാസിലെ ഒരു കുട്ടിക്ക് ലൈബ്രേറിയന്റെ ചുമതല നൽകുന്നു. ആഴ്ചയിൽ ഒരു പുസ്തകം എന്ന നിലയിൽ ഒരു മാസത്തിൽ 4 പുസ്തകങ്ങൾ എങ്കിലും വായിച്ച കുട്ടികളുടെ പേരെഴുതിയ ചാർട്ടിൽ അവർ വായിച്ച പുസ്തകങ്ങളുടെ പേരും തിയ്യതിയും എഴുതി സൂക്ഷിക്കുന്നു. | | | | |
| വായനാകുറിപ്പ് അസംബ്ലിയിൽ | | | | |
| വായനാ പതിപ്പ് പ്രകാശനം | | | | |

വിഷയം : മലയാളം
പ്രശ്നം : ശരിയായി മുന്നേറുവാൻ കഴിയുന്നില്ല
ലക്ഷ്യം : മുഴുവൻ കുട്ടികളേയും തെറ്റില്ലാതെ വായിക്കുവാൻ പഠിപ്പിക്കൽ

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | |
|---|---|---|---|---|
| മലയാളത്തിളക്കം പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കണം | 3.4 ക്ലാസുകളിലെ അധ്യാപകർ | 6 മാസം | | |
| വായനകാർഡ് ഉപയോഗിക്കുക | | | | |
| ഐ.സി.ടി. സാധ്യത ഉപയോഗിക്കുക | | | | |
| വർക്ക്ഷീറ്റുകൾ നൽകുക | | | | |
| ചിത്രങ്ങൾ നൽകി അതിനെക്കുറിച്ച് സംസാരിപ്പിക്കുന്നു | | | | |
| കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നു | | | | |

വിഷയം : ഭാഷ
പ്രശ്നം : ലേഖനത്തിലുള്ള കഴിവ് വർദ്ധിപ്പിക്കൽ
ലക്ഷ്യം : സ്കൂളിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മാസത്തിലൊരിക്കൽ സ്കൂൾ പത്രം തയ്യാറാക്കൽ

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 4-ാം തരത്തിലെ കുട്ടികളിൽ നിന്നും 4 പേരടങ്ങിയ ഒരു പത്രാധിപസമിതിയെ തെരഞ്ഞെടുക്കുന്നു<br><br>ഓരോ ദിവസവും വാർത്തകൾ കുട്ടികളിൽ നിന്ന് ശേഖരിക്കുന്നു.മികച്ച വാർത്തകൾ അതാത് ദിവസത്തെ സ്കൂൾ വാർത്തയായി മൈക്കിലൂടെ വായിക്കുന്നു.<br><br>മാസത്തിലൊരിക്കൽ ഇപ്രകാരം ശേഖരിച്ച വാർത്തകൾ ഉൾക്കൊള്ളിച്ച സ്കൂൾ പത്രം തയ്യാറാക്കുന്നു.<br><br>സാധാരണ പത്രങ്ങളിലെ വാർത്തകൾ വായിക്കുവാനുള്ള അവസരങ്ങൾ നൽകേണ്ടതാണ്. | 3,4 ക്ലാസ് അധ്യാപകർ | മധ്യകാലം | പിടിഎ | |

മേഖല : അക്കാദമികം

വിഷയം : മലയാളം

ലക്ഷ്യം : എല്ലാ വിദ്യാർത്ഥികളേയും തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **പ്രീടെസ്റ്റ് :**<br>മുൻകൂട്ടി തയ്യാറാക്കിയ പ്രീടെസ്റ്റ് എല്ലാവർക്കും നടത്തുന്നു. ഉത്തരപ്പേപ്പർ വിലയിരുത്തി ഓരോ കുട്ടിയും നേരിടുന്ന പ്രയാസങ്ങൾ രേഖപ്പെടുത്തുന്നു. ഇത് പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. മൊഡ്യൂൾ തയ്യാറാക്കുന്നു | മൂന്ന്, നാല് ക്ലാസിലെ അധ്യാപകർ ക്ലാസ് അധ്യാപിക | ജൂൺ | പി.ടി.എ | |
| **ക്ലാസ് പി.ടി.എ :**<br>പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ചർച്ച. നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ അവതരണം.(മലയാളത്തിളക്കം,ശ്രദ്ധ) സമയം രക്ഷിതാക്കളുടെ സഹായത്തോടെ പഠനസാമഗ്രികൾ നിർമിക്കുന്നു<br>പദങ്ങൾ<br>വാക്യങ്ങൾ<br>കഥ, പാട്ട് | | | | |
| **ലേഖനം, വായന :**<br>പാഠഭാഗത്തെ കവിതയിലെ വരികൾ, കഥയിലെ ലഘുവാക്യങ്ങൾ എന്നിവ എഴുതുന്നു<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട സംഭാഷണം, കവിത, എന്നിവ സ്വന്തമായി എഴുതുന്നു | ക്ലാസ് അധ്യാപിക | ജൂലായ് ആഗസ്റ്റ് | | |
| **ക്ലാസ് പി.ടി.എ**<br>മൂന്ന് മാസക്കാലത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മൂല്യനിർണയ പേപ്പർ വിലയിരുത്തി രക്ഷിതാക്കളുമായി ചർച്ച | മൂന്ന്, നാല് ക്ലാസിലെ അധ്യാപകർ | സപ്തംബർ മുതൽ ഡിസംബർ വരെ | | |

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്
ലക്ഷ്യം

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുവാനും വായിക്കാനും കേൾക്കാനുമുള്ള സാഹചര്യങ്ങൾ ഒരുക്കുന്നു.

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| ഇംഗ്ലീഷ് കഥകൾ വായിച്ചു കേൾപ്പിക്കുന്നു. (1, 2 ക്ലാസ്) | ക്ലാസ് ടീച്ചർ | ജൂൺ-മാർച്ച് | |
| ഇംഗ്ലീഷ് കഥകൾ വായിക്കുന്നു (3,4 ക്ലാസ്) | ജൂൺ-മാർച്ച് | | |
| മാസത്തിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | അധ്യാപകർ | ജൂൺ-മാർച്ച് | |
| Beats വീഡിയോ പ്രസന്റേഷൻ ആഴ്ചയിൽ ഒന്ന് | | മധ്യകാലം | |
| ഒരു ദിനം ഒരു വാക്ക് ( വാക്കുകൾ പരിചയപ്പെടുത്തുന്നു.) | | | |
| ഇംഗ്ലീഷ് ഡയറി | | മധ്യകാലം മുതൽ | |
| ഇംഗ്ലീഷ് തിയറ്റർ (സ്കിറ്റ്, കോൺവെർസേഷൻ , ഡ്രാമ ഇവ അവതരിപ്പിക്കുന്നു.) | ഒക്ടോബർ-മാർച്ച് | | |
| കാർട്ടൂൺ, സിനിമ പ്രദർശനം | ആഴ്ചയിൽ ഒരിക്കൽ | | |
| കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് നൽകൽ | | ആഗസ്റ്റ്, നവംബർ, ഫെബ്രുവരി | |

# ക്ലാസ് ലൈബ്രറി രൂപീകരണം

ആമുഖം

എല്ലാ കുട്ടികളേയും വായനയിലൂടെ പഠനമികവിലേക്ക് എത്തിക്കുന്നതിനാണ് ക്ലാസ് ലൈബ്രറി സ്ഥാപിക്കുന്നത്. ഓരോ ക്ലാസിനും ഒരു കൊച്ചുവായനശാല ഒരുക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ലക്ഷ്യങ്ങൾ

- ☐ എഴുത്തിലും വായനയിലും നിലവിലുള്ള പിന്നാക്കാവസ്ഥ പരിഹരിക്കുക.
- ☐ കൂടുതൽ അറിവ് നേടാനും ചിന്തിക്കാനുമുള്ള കഴിവ് വളർത്തുക.
- ☐ ലൈബ്രറി പ്രവർത്തനം പരിചയപ്പെടുത്തുക.
- ☐ വായനയിലൂടെ പഠനനിലവാരവും മെച്ചപ്പെടുത്തുക.

പ്രവർത്തനങ്ങൾ

- ☐ ഓരോ ക്ലാസിലും പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാര ലഭ്യമാക്കാൻ
- ☐ പി.ടി.എ പൂർവ്വവിദ്യാർത്ഥി പൂർവ്വ അധ്യാപകർ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തുന്നു.
- ☐ സ്കൂളിൽ പൊതുവായും ക്ലാസ് റൂമിലും വായനാമൂല ഒരുക്കുന്നു
- ☐ കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കുന്നു.

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

ലക്ഷ്യം :

- ☐ കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ
- ☐ ഗണിത ചിന്താശേഷി വളർത്തൽ
- ☐ ഗണിത ശിൽപ്പശാല നടത്തൽ
- ☐ ഗണിത ശേഷികളുടെ പ്രകടനം

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക |
|---|---|---|---|
| ഗണിതമാഗസിൻ | ക്ലാസ് ടീച്ചർ | ജൂൺ-മാർച്ച് | |
| ഗണിതകേളികളിൽ ഏർപ്പെടുന്നു (ചതുഷ്ക്രിയകൾ) | ക്ലാസ്ടീച്ചർ | ജൂൺ- മാർച്ച് | |
| പ്രശ്നോത്തരി പസിൽ കുസൃതിക്കണക്കുകൾ സംഘടിപ്പിക്കുന്നു. | ക്ലാസ് ടീച്ചർ | ജൂൺ-മാർച്ച് | |
| ഗണിത ശിൽപ്പശാല നടത്തുന്നു | ക്ലാസ് ടീച്ചർ | മധ്യകാലം | |

മേഖല : അക്കാദമികം
ഉപമേഖല : പരിസര പഠനം

ലക്ഷ്യം

- ☐ ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ
- ☐ പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും
- ☐ ശാസ്ത്രാവബോധം വളർത്തുക
- ☐ പ്രകൃതിവിഭവ സംരക്ഷണം
- ☐ നിരീക്ഷണം, അറിവുനിർമ്മാണം, ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ
- ☐ ഭൂപടം ഒരുക്കാം

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|
| ഭക്ഷ്യമേള | ക്ലാസ്ടീച്ചർ | മധ്യകാലം | |
| പ്രകൃതിനടത്തം | ക്ലാസ്ടീച്ചർ | മധ്യകാലം | |
| ലഘുപരീക്ഷണങ്ങൾ നടത്തുന്നു | ക്ലാസ്ടീച്ചർ | മധ്യകാലം | |
| പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിലെ പങ്കാളിത്തം | ക്ലാസ്ടീച്ചർ | മധ്യകാലം | |
| ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അധ്യാപകർ | നവംബർ | |
| ഭൂപടവായന, രചന | ക്ലാസ് ടീച്ചർ | മധ്യകാലം | |

# സയൻസ് ലാബ് സജ്ജമാക്കൽ

ആമുഖം

കുട്ടികളിൽ ശാസ്ത്രവിഷയങ്ങളോട് താൽപ്പര്യം ജനിപ്പിക്കുവാൻ പരീക്ഷണങ്ങൾ ചെയ്ത് നേരിട്ട് പഠിക്കുവാനുള്ള അവസരം സൃഷ്ടിക്കേണ്ടതുണ്ട്.

ലക്ഷ്യം

- ☐ സ്വയം പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ☐ സ്വയം പഠനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

പ്രവർത്തനം

- ☐ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾ പരീക്ഷണങ്ങളിലും നിരീക്ഷണങ്ങളിലും ഏർപ്പെടുന്നു. രക്ഷിതാക്കളുടെ സഹായത്തോടെ ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കുന്നു.

# ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷി വികസനം

### ആമുഖം

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് അവർ നേരിടുന്ന പരിമിതകളും വെല്ലുവിളികളും പരിഗണിച്ച് മുന്നേറാനുള്ള പഠനബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

### ലക്ഷ്യങ്ങൾ

- ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക
- പഠനം ആകർഷകവും ആസ്വാദ്യകരവുമാക്കുക
- അവസരവും പങ്കാളിത്തവും ഉറപ്പുവരുത്തുക

### പ്രവർത്തനങ്ങൾ

- രക്ഷിതാക്കൾക്കുള്ള ബോധവത്കരണക്ലാസ്സ് നൽകുന്നു.
- ഭിന്നശേഷിക്കാർക്ക് ഏകദിന പഠനോത്സവം സംഘടിപ്പിക്കുന്നു.
- അമ്മയെയും കുഞ്ഞിനെയും ഒന്നിച്ചിരുത്തി ക്ലാസ് നൽകുന്നു

ദൈർഘ്യം : ഹ്രസ്വകാലം

വിഷയം : കലാ-കായിക പ്രവൃത്തി പരിചയം

പ്രശ്നം : കലാ-കായിക രംഗത്ത് വേണ്ടത്രപരിശീലനം ലഭിക്കാത്ത അവസ്ഥ

ലക്ഷ്യം : കലാ-കായിക -പ്രവൃത്തിപരിചയ മേഖലയിൽ കഴിവുള്ളവരെ കണ്ടെത്തി പരിശീലനം നൽകൽ

കാലം : ദീർഘകാലം

- കലാപരമായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തുന്നു
- ആവശ്യമായ പിന്തുണാസംവിധാനങ്ങൾ നൽകുന്നു
- പൂർവ്വ വിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും സഹായം സ്വീകരിക്കുന്നു
- കായികപരമായ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു
- ആവശ്യമായ പരിശീലനം ഉറപ്പു വരുത്തുന്നു
- പ്രവൃത്തി പരിചയ രംഗത്ത് കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു.

ചുമതല : ഹെഡ്മാസ്റ്റർ, ക്ലാസ് ടീച്ചർ

മേഖല : അക്കാദമികം
പ്രശ്നം : വ്യക്തികൾ, വസ്തുതകൾ എന്നിവയെക്കുറിച്ച് ധാരണയില്ലായ്മ
ലക്ഷ്യം : ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **1. ലോക പരിസ്ഥിതി ദിനം**<br>• പോസ്റ്റർ നിർമ്മാണം<br>• വൃക്ഷത്തൈ വിതരണം<br>• ഔഷധത്തോട്ട നിർമ്മാണം<br>• പരിസ്ഥിതി ക്വിസ്സ് | അധ്യാപകർ | ജൂൺ 5 മുതൽ 7 വരെ | സ്കൂൾ | |
| **2. വായനാദിനം**<br>• സാഹിത്യ ക്വിസ്<br>• വായനാ മത്സരം<br>• പുസ്തക പരിചയം<br>• ക്ലാസ് ലൈബ്രറി രൂപീകരണം<br>• പുസ്തകപ്രദർശനം<br>• പുസ്തക വിതരണം | അധ്യാപകർ | ജൂൺ 19 മുതൽ 26 വരെ | | |
| **3. ഡോ.സലിം അലി ചരമദിനം**<br>• സലിം അലി അനുസ്മരണം<br>• ഫോട്ടോ പ്രദർശനം | ക്ലാസ് അധ്യാപകർ | ജൂൺ 20 | | |
| **4. ബഷീർ ചരമദിനം**<br>• ബഷീർ അനുസ്മരണം<br>• ഫോട്ടോ പരിചയം<br>• പുസ്തക പരിചയം, ക്വിസ് | | ജൂലായ് 4 മുതൽ 5 വരെ | | |
| **5. ചാന്ദ്രദിനം**<br>• ചാന്ദ്രമനുഷ്യനുമായി അഭിമുഖം<br>• ചാന്ദ്ര ദിനക്വിസ് | അധ്യാപകർ | ജൂലായ് 21 | | |
| **6. ഹിരോഷിമാദിനം, നാഗസാക്കി ദിനം**<br>• അനുസ്മരണം<br>• പത്രവാർത്ത, വായന<br>• യുദ്ധവിരുദ്ധ പോസ്റ്റർ നിർമ്മാണം<br>• ചുമർ പത്രിക നിർമാണം<br>• ക്വിസ് | | ആഗസ്റ്റ് 6 മുതൽ 9 വരെ | | |
| **7. ക്വിറ്റിന്ത്യാദിനം**<br>• ഇന്ത്യൻ സ്വാതന്ത്ര്യസമര<br>• പ്രഭാഷണം, ചർച്ച<br>• ക്വിറ്റിന്ത്യാദിന അനുസ്മരണം | ക്ലാസ് അധ്യാപിക | ആഗസ്റ്റ് 9 | | |

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| **8. സ്വാതന്ത്ര്യദിനം**<br>• പ്രസംഗം<br>• പതിപ്പു നിർമ്മാണം, പ്രകാശനം<br>• ചുമർപത്രിക നിർമാണം<br>• ദേശഭക്തി ഗാനം ശേഖരിക്കൽ<br>• ആലാപനം<br>• സ്വാതന്ത്ര്യ സമരചരിത്രക്വിസ് | അധ്യാപകർ | ആഗസ്റ്റ് മുതൽ 15 വരെ | | |
| **9. അധ്യാപകദിനം, മദർതെരേസ ചരമദിനം**<br>• ഡോ.എസ്.രാധാകൃഷ്ണൻ<br>• അനുസ്മരണം<br>• മദർതെരേസ അനുസ്മരണം | ക്ലാസധ്യാപിക | സെപ്റ്റംബർ 5 | | |
| **10. അഹിംസാദിനം**<br>• ഗാന്ധി അനുസ്മരണം<br>• ഗാന്ധിക്വിസ്<br>• ഗാന്ധിപ്രസംഗം<br>ഗാന്ധിജിയെക്കുറിച്ചുള്ള പാട്ട് ശേഖരിക്കൽ, അവതരണം | അധ്യാപകർ | ഒക്ടോബർ 1 മുതൽ 2 വരെ | | |
| **11. കേരളപ്പിറവി ദിനം**<br>കേരളചരിത്ര പ്രസംഗം<br>കേരളത്തെക്കുറിച്ച് കുറിപ്പ്<br>കേരളക്വിസ്<br>കേരളഗാനാലാപനം | അധ്യാപകർ | നവംബർ 1 | | |
| **12. ക്രിസ്തുമസ്**<br>ക്രിസ്തുമസ് ആഘോഷം<br>നക്ഷത്ര നിർമാണം<br>ആശംസാകാർഡ് നിർമാണം | അധ്യാപകർ | ഡിസംബർ 25 | | |
| **13. പുതുവത്സരദിനം**<br>ആശംസാകാർഡ് നിർമാണം, കൈമാറൽ | ക്ലാസധ്യാപകർ | ജനുവരി 1 | സ്കൂൾ | |
| **14. റിപ്പബ്ലിക് ദിനം**<br>അസംബ്ലി<br>പതാക ഉയർത്തൽ<br>മധുരം വിതരണം<br>അനുസ്മരണ പ്രഭാഷണം | അധ്യാപകർ | ജനുവരി 26 | സ്കൂൾ | |
| **15. ദേശീയ ശാസ്ത്രദിനം**<br>ശാസ്ത്രീയ മനോഭാവം വളർത്തുന്ന കഥകൾ<br>ലഘുപരീക്ഷണം | | ഫെബ്രുവരി 28 | | |

# വിദ്യാലയത്തിൽ ഒരു ഹരിത ഉദ്യാനം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| നിലം ഒരുക്കൽ,നടീൽ വസ്തുക്കൾ പൂച്ചെടി, ഔഷധസസ്യങ്ങൾ, വാഴക്കന്ന്, കപ്പത്തണ്ട് ശേഖരിക്കൽ .നടൽ കളപറിക്കൽ, വളം ചേർക്കൽ, ചെടികൾ, ഔഷധസസ്യങ്ങൾ ശേഖരിച്ച് നടൽ | ക്ലബ്ബ് കൺവീനർ പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ, ടീച്ചേഴ്സ്, പി.ടി.സി.എം | ജൂൺ | | |
| കൂടുതൽ ചെടികൾ ശേഖരിക്കൽ നടൽ, നട്ടവ വീണ്ടും പരിപാലിക്കൽ, വളംശേഖരിക്കൽ, വളം ഇടൽ | ക്ലബ്ബ് കൺവീനർ പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ, ടീച്ചേഴ്സ്, പി.ടി.സി.എം | ജൂലായ് | | |
| കള പറിക്കൽ, മണ്ണ് കൂട്ടൽ, വളം ചേർക്കൽ, നന്നായി പരിപാലനം | | ആഗസ്റ്റ് | | |
| കളപറി, നനയ്ക്കൽ, പരിപാലനം | | സെപ്തംബർ | | |
| പച്ചക്കറികൾ(ചീര, വെണ്ട, വെള്ളരി)തുടങ്ങിയവ നടൽ, പരിപാലനം | ക്ലബ്ബ് കൺവീനർ പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ, ടീച്ചേഴ്സ്, പി.ടി.സി.എം | ഒക്ടോബർ | | |
| പൂച്ചെടികൾ , പച്ചക്കറികൾ, പരിപാലനം | | നവംബർ | | |
| മാർച്ച് വരെ പരിപാലനം തുടരൽ, പ്രത്യേകമായും നനയ്ക്കൽ | ക്ലബ്ബ് കൺവീനർ പരിസ്ഥിതി ക്ലബ്ബ് അംഗങ്ങൾ, ടീച്ചേഴ്സ്, പി.ടി.സി.എം | ഡിസംബർ | | |

വിഷയം : ഹെൽത്ത് ക്ലബ് ശുചിത്വക്ലബ്

പ്രശ്നം : വിദ്യാലയം പരിസരം, വീട്, പരിസരം വ്യക്തിശുചിത്വം എന്നിവയെക്കുറിച്ച് വേണ്ടത്ര അറിവ് ഇല്ലായ്മ

ലക്ഷ്യം : കുട്ടികളിൽ ശുചിത്വബോധം വളർത്തുക

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഹെൽത്ത് ക്ലബ്/ശുചിത്വ ക്ലബ് രൂപീകരണം. ക്ലബ്ബംഗങ്ങൾക്ക് നിർദേശങ്ങൾ നൽകൽ | ഹെൽത്ത് ക്ലബ്ബ്കൺവീനർ | ജൂൺ | | |
| ബോധവൽക്കരണം<br>• വ്യക്തിശുചിത്വം<br>• ക്ലാസ് ശുചിത്വം<br>• പരിസരശുചിത്വം | പ്രധാനധ്യാപകൻ | | | |
| ഭക്ഷണം പാഴാക്കുന്നവരെ കണ്ടെത്തൽ, അറിയിക്കൽ(ദിവസവും) | ക്ലബംഗങ്ങൾ 2 പേർ വീതം ഓരോ ദിവസവും | | | |
| യൂണിഫോറം-റിബൺ ഉപയോഗം<br>ക്ലാസ്റും ശുചിത്വം-<br>ഭക്ഷണവശിഷ്ടങ്ങൾ ഡസ്കിൽ ക്ലാസിൽ ഇടാതിരിക്കൽ<br>• വേസ്റ്റ്ബാസ്ക്കറ്റ് ഉപയോഗം | ക്ലാസ് ടീച്ചർ<br>ക്ലബ്ബംഗങ്ങൾ 3 പേർ വീതം | | | |
| വ്യക്തിശുചിത്വം-<br>നഖം വെട്ടി വൃത്തിയാക്കൽ (എല്ലാ തിങ്കളാഴ്ചയും എല്ലാ ക്ലാസിലും പരിശോധന)<br>പുസ്തകം വൃത്തിയാക്കി സൂക്ഷിക്കൽ<br>ക്ലാസ് റൂം വൃത്തിയായി സൂക്ഷിക്കൽ | ക്ലാസ് ടീച്ചർ | ജൂലായ് | | |
| പരിസരശുചിത്വം<br>പുല്ലുപറിച്ച് വൃത്തിയാക്കൽ<br>തിങ്കൾ ക്ലാസ് 1<br>ചൊവ്വ 2<br>ബുധൻ 3<br>വ്യാഴം 4<br>ഡ്രൈഡേ വ്യാഴം സ്കൂൾ<br>ശനി വീട്ടിൽ | ക്ലാസ് ടീച്ചർ | ജൂലായ് | | |

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
| --- | --- | --- | --- | --- |
| പോസ്റ്റർ തയ്യാറാക്കൽ ശുചിത്വവുമായി ബന്ധപ്പെട്ട സ്കൂളും പരിസരവും വീടുംപരിസരവും ടോയ്‌ലറ്റ് ക്ലാസ് മുറി | ക്ലബ്ബംഗങ്ങൾ | | | |
| ബോധവൽക്കരണക്ലാസ് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ | ഹെൽത്ത് ക്ലബ്ബ്കൺവീനർ | | | |
| ശുചിത്വവുമായി ബന്ധപ്പെട്ട പത്രകട്ടിംഗുകൾ ശേഖരിക്കൽ | ക്ലബ്ബംഗങ്ങൾ | | | |
| ക്ലാസ്റും നിരീക്ഷണം-ദിവസവും ഫോർമാറ്റ് പൂരിപ്പിച്ച് കൺവീനർക്ക് നൽകൽ | ക്ലബ്ബംഗങ്ങൾ | | | |
| ക്രോഡീകരണം മാസത്തിലൊരിക്കൽ മികച്ച ക്ലാസിന് സമ്മാനം നൽകൽ | ഹെൽത്ത് ക്ലബ്ബ്കൺവീനർ | | | |
| സി.പി.ടി.എ.യിൽ അറിയിക്കൽ | ക്ലാസ് ടീച്ചർ | ആഗസ്റ്റ് | | |
| ക്ലബംഗങ്ങൾക്കുവേണ്ട നിർദേശങ്ങൾ നൽകൽ ശുചിത്വവുമായി ബന്ധപ്പെട്ട കഥ/ കവിത തുടങ്ങിയവ | ഹെൽത്ത് ക്ലബ്ബ്കൺവീനർ | | | |
| ശേഖരിക്കുന്നതിനുള്ള നിർദേശങ്ങൾ എന്നിവ നൽകൽ ജൂൺമുതൽ മാർച്ച് വരെ പ്രവർത്തനങ്ങൾ തുടരൽ | ക്ലാസ് ടീച്ചർ | | | |

# ആരോഗ്യസംരക്ഷണം

കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ഹെൽത്ത് കാർഡ് ലഭ്യമാക്കൽ ഹെൽത്ത് കാർഡിൽ എന്തൊക്കെയാവാം

- പേര്
- ക്ലാസ്
- ഫോട്ടോ
- ജനനതിയ്യതി
- ഉയരം
- തൂക്കം
- കുത്തിവെപ്പിന്റെ വിശദാംശങ്ങൾ
- രക്തഗ്രൂപ്പ്
- നിലവിലുള്ള രോഗങ്ങളുടെ വിശദാംശങ്ങൾ
- ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി
- രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്കരണക്ലാസ് നടത്താവുന്നതാണ്
- രോഗങ്ങൾ കണ്ടെത്തി ചികിത്സ ലഭ്യമാക്കാൻ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക
- ശരിയായ ഭക്ഷണശീലങ്ങൾ പിന്തുടരാം
- വ്യായാമം ഒരു ശീലമാക്കൽ

# ജൈവവൈവിധ്യ ഉദ്യാനം ദീർഘകാലപദ്ധതി

ലക്ഷ്യം : ഓരോ ക്ലാസലെയും പഠന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയും വിധം സസ്യലതാദികൾ, ഔഷധസസ്യങ്ങൾ, ആവാസവ്യവസ്ഥയുടെ ചെറുരൂപങ്ങൾ എന്നിവയയുടെ നിർമ്മാണം

ചെറിയ ഒരു കുളം നിർമാണം
കുളത്തിൽ ജലസസ്യങ്ങൾ വളർത്തൽ
മത്സ്യങ്ങൾ, ആമ എന്നിവ വളർത്തൽ
വ്യത്യസ്തതരം ചെടികൾ നട്ടുവളർത്തൽ
ചിത്രശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ നട്ടുവളർത്തൽ
വ്യത്യസ്ത തരം ഔഷധസസ്യങ്ങൾ നട്ടുവളർത്തൽ
ഫണ്ടിന്റെ ലഭ്യത പഞ്ചായത്ത്, എസ്സ്.എസ്സ്.എ

# ഉപസംഹാരം

അക്കാദമിക് നിലവാരം ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്. നമ്മുടെ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അവർ നേടേണ്ട ശേഷികൾ മുഴുവൻ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിന് യോജിച്ച വിവിധ പ്രവർത്തനങ്ങളാണ് ഈ രേഖയിലൂടെ മുന്നോട്ടു വെയ്ക്കുന്നത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ മുഴുവൻ രക്ഷിതാക്കളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും പരിപൂർണ്ണമായ സഹകരണം പ്രതീക്ഷിക്കുന്നു.